 1370

# MAR IVANIOS COLLEGE (AUTONOMOUS)
# THIRUVANANTHAPURAM

**Reg. No. :…………………  Name :………………….**

**Second Semester B.Com. Degree Examination, June 2016**

**First Degree Programme under CBCSS**

**Additional Language: Malayalam – II**

**AUML211.3: Kavitha, Kadha, Upanyasam, Vivarthanam**

Time: **3** Hours Max. Marks: **80**

## SECTION – A

*എല്ലാ ചോദ്യത്തിനും ഒരു വാക്കിലോ രണ്ടു വാക്യത്തിൽ കവിയാതെയോ ഉത്തരമെഴുതുക.*

1. മലയാളത്തിലെ ആദ്യ ചെറുകഥ ഏത് ?
2. 'പാപത്തറ' എന്ന കൃതി എഴുതിയതാര് ?
3. ദിഗ്വിജയത്തിനായി കവി വിട്ടയയ്ക്കുന്ന കുതിര ഏത് ?
4. 'ചന്ദനക്കട്ടിൽ' എന്ന കവിത ഏത് കവിതാസമാഹാരത്തിലാണ് ഉൾപ്പെടുന്നത് ?
5. ''മിന്നുന്നതെല്ലാം പൊന്നല്ല'' എന്നതിനെ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുക.
6. 'തോറ്റങ്ങൾ' എന്ന നോവലിന്റെ കർത്താവാര് ?
7. 2015–ലെ വയലാർ അവാർഡ് ലഭിച്ച സുഭാഷ്ചന്ദ്രന്റെ കൃതി ഏത് ?
8. 'ക്രാന്തദർശികൾ' എന്ന ഗ്രന്ഥം ആരുടേതാണ് ?
9. ''നല്ല കുടുംബത്തുനിന്നാണെന്നു തോന്നുന്നു, പാവം.....'' ആരുടെ വാക്കുകൾ ?
10. 'Transcribe' എന്ന പദം മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുക ?

**(10 × 1 = 10 Marks)**

## SECTION – B

*ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

11. ശൈലികളും പഴഞ്ചൊല്ലുകളും വിവർത്തനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ?
12. ആശാന്റെ സ്വാതന്ത്ര്യസങ്കല്പത്തെക്കുറിച്ച് എം. ആർ. രാഘവവാര്യർ പ്രതിപാദിക്കുന്നതെങ്ങനെ ?

P.T.O.

13. ''എന്തൊരുൻമേഷമാണതിൻ കൺകളിൽ
എന്തൊരുസാഹസമാണതിൻ കാൽകളിൽ'' – ആരുടെ ? ആശയം വ്യക്തമാക്കുക.
14. ''നീ രാധയല്ല. നിന്നെ ഞങ്ങൾക്കറിയില്ല'' – ഈ സംഭാഷണം ഏതു കഥയിലേതാണ് ? ഇങ്ങനെ പറയുവാൻ കാരണമെന്ത് ?
15. ഭാരതീയ ജീവിതത്തിന്റെ സംശുദ്ധിയെ ടാഗൂർ കുടുംബം സംരക്ഷിച്ചതെങ്ങനെ ?
16. ''എന്തായിരുന്നു സാർ പൊതിയിൽ'' – സന്ദർഭമേത് ?
17. ചലച്ചിത്രദൃശ്യങ്ങളോടുള്ള രണ്ടുതരം സമീപനങ്ങൾ ഏതൊക്കെ ?
18. മനുഷ്യാവസ്ഥയുടെ വ്യാകുലതകളാണ് ഹരികുമാറിന്റെ 'സ്വപ്നങ്ങൾ വിൽക്കുന്ന സെയിൽസ്മാനി'ൽ വരച്ചു കാണിക്കുന്നത്. വ്യക്തമാക്കുക.
19. 'ഉച്ചമയക്കം' എന്ന കഥയെ സംബന്ധിച്ച് കോവിലന്റെ അഭിപ്രായമെന്ത് ?
20. 'ഹൃദയത്തിന്റെ താക്കോൽ' എന്ന കഥയുടെ പ്രമേയമെന്ത് ?
21. 'മലയാളഭാഷാഭിമാനിയായ സഹ്യന്റെമകൻ പ്രതിഷേധിക്കുന്നു.' – പ്രതിഷേധിക്കുന്നതാര് ? കാരണമെന്ത് ?
22. ടാഗോർ മിസ്റ്റിക് ആയതെങ്ങനെ ?

**(8 × 2 = 16 Marks)**

## SECTION – C

*120 വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.*

23. ഒരു വിവർത്തകന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തൊക്കെ ?
24. 'എന്റെ കൂടയിങ്ങ് കിട്ടിയില്ല' എന്ന ലേഖനത്തിൽ ലേഖകൻ പ്രതിപാദിക്കുന്ന അനുഭവങ്ങൾ ചുരുക്കി വിവരിക്കുക.
25. വിവർത്തനത്തിനുള്ള ഉപകരണങ്ങൾ എന്തൊക്കെ ?
26. ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യുക.
''കാട്ടിന്നകത്തോ കടലിന്നകത്തോ
കാട്ടിത്തരുന്നു വിധിരത്നമെല്ലാം''
27. സിനിമയിൽ പശ്ചാത്തല സംഗീതത്തിന്റെ പ്രാധാന്യമെന്ത് ?
28. ''അങ്കമാടിക്കുതിരയെ വീണ്ടെടു–
ത്തണഞ്ഞു യുഗങ്ങൾ തൻ നായകർ'' – ആരൊക്കെയാണ് നായകർ ?
29. അധ്യയനഭാഷ മാതൃഭാഷയായിരിക്കണമെന്ന് ഉദയഭാനു സ്ഥാപിക്കുന്നതെങ്ങനെ ?
30. കാമ്പിശ്ശേരിയുടെ ഭാഷയുടെ സവിശേഷതയെന്ത് ?
31. മാർക്വസിനെ കോവിലൻ അവതരിപ്പിക്കുന്നതെങ്ങനെ ?

**(6 × 4 = 24 Marks)**

## SECTION – D

***നാലു പുറത്തിൽ** കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

32. മലയാളചെറുകഥയുടെ വികാസപരിണാമഘട്ടങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ലഘു പ്രബന്ധം തയ്യാറാക്കുക.
33. 'ചന്ദനക്കട്ടിൽ' എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പു തയ്യാറാക്കുക.
34. സാംസ്കാരികപൈതൃകത്തെ അതേപടി വിവർത്തനത്തിൽക്കൂടി പകർത്താൻ കഴിഞ്ഞെന്നു വരില്ല. നിങ്ങളുടെ അഭിപ്രായമെന്ത് ? സാധൂകരിക്കുക.
35. ഫെമിനിസത്തിന്റെ രണ്ട് വ്യത്യസ്ത തലങ്ങളാണ് ലളിതാംബിക അന്തർജ്ജനത്തിന്റെയും സാറാ ജോസഫിന്റെയും കൃതികളിൽ തെളിഞ്ഞു കാണുന്നത്. പരിശോധിക്കുക.

**(2 × 15 = 30 Marks)**

∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*